പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1570

06/03/2017 - ൽ മറുപടിക്ക്.

## ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | | ഡോ.കെ ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന അഗതി പുനരധിവാസ പദ്ധതിയായ "ആശ്രയ" യുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒന്നാം ഘട്ട ആശ്രയ പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കൾക്കായി രണ്ടാം ഘട്ട പദ്ധതി തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 794 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാം ഘട്ട പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 82483 കുടുംബങ്ങൾക്കും രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 64760 കുടുംബങ്ങൾക്കും പദ്ധതി മുഖാന്തിരം സഹായങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതികൾക്കായി ചലഞ്ച് ഫണ്ടിനത്തിൽ 105 കോടി രൂപ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കുടുംബശ്രീ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയ്ക്കായി 95.75കോടി രൂപ ചലഞ്ച് ഫണ്ടിനത്തിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി തുകയിൽ നാളിതുവരെ 39.91 കോടി രൂപ കുടുംബശ്രീ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതിയുടെ കാലാവധി പൂർത്തീകരിച്ച സ്ഥാപനങ്ങളിൽ ടി പദ്ധതിയിൽ ഉൾപ്പെടുകയും നിലവിലും അഗതികളായി തന്നെ തുടരുകയും ചെയ്യുന്നവർക്കായി തുടർ സേവനപദ്ധതി തയ്യാറാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. 200 ൽ പരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ തുടർസേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പദ്ധതിയുടെ നടത്തിപ്പിൽ കാലോചിതമായ എന്തെങ്കിലും മാറ്റം കൊണ്ടുവരുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |

| | | |
|---|---|---|
| (സി) | ആശ്രയ പദ്ധതിയുടെ ഭാവി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) & (ഡി) 2017-18 സാമ്പത്തിക വർഷത്തോടു കൂടി കേരളത്തെ അഗതിരഹിത കേരളമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (ഡി) | ഏതെല്ലാം പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി പുനരാവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ